"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

**നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) / എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (MLA SDF) - COVID-19 ന്റെ പശ്ചാത്തലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുള്ള ഓൺലൈൻ ക്ലാസുകൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് പഠന സംവിധാനം ഒരുക്കുന്നതിനായി ആസ്തി വികസന ഫണ്ടും പ്രത്യേക വികസന നിധിയും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.)നം. 3510/2020/ധന.** **തിരുവനന്തപുരം, തീയതി 10/06/2020.**

---

**പരാമർശം :** 1) സ.ഉ(അച്ചടി) നം. 119/2018/ധന തീയതി 04/08/2018.
2) സ.ഉ(അച്ചടി) നം. 161/2017/ധന തീയതി 29/12/2017
3) 26.05.2020 തീയതിയിൽ ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി ബഹു: ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ 231/2020/എം(ഇ.ഡി.എൻ) നമ്പർ കത്ത്

## ഉത്തരവ്

COVID-19 ന്റെ അനിശ്ചിതാവസ്ഥ മൂലം സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഓൺലൈൻ വഴിയുള്ള അധ്യയനം ആരംഭിച്ചിരിക്കുകയാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് വിക്ടേഴ്സ് ചാനൽ വഴിയാണ് ക്ലാസുകൾ സംപ്രേഷണം ചെയ്യുന്നത്. ഓൺലൈൻ ക്ലാസുകൾ വീട്ടിൽ ലഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളില്ലാത്ത കുട്ടികൾക്ക് അത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടും (LAC ADF) എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയും (MLA SDF) വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു വായനശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , സഹകരണ / സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, അങ്കണവാടികൾ, അതുപോലുള്ള മറ്റു പൊതു ഇടങ്ങൾ എന്നിവയിൽ ഓൺലൈൻ/ടെലിവിഷൻ പഠന കേന്ദ്രത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടും എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയും വിനിയോഗിക്കുന്നതിനു പ്രത്യേകാനുമതി നല്കി ഉത്തരവാകുന്നു. കൂടാതെ ഇത്തരം അംഗീകരിച്ച കേന്ദ്രങ്ങൾക്കു വേണ്ടി വാങ്ങുന്ന ടെലിവിഷനുകളുടെ വിലയിൽ കെ.എസ്.എഫ്.ഇ കൈമാറുന്ന 75% തുകയുടെ ബാക്കിയായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം പ്ലാൻ ഫണ്ടിൽ നിന്നോ സ്പോൺസർമാരിൽ നിന്നോ കണ്ടെത്തുന്ന തുകയിൽ കൂടുതൽ ആവശ്യമെങ്കിൽ പ്രസ്തുത തുക ആസ്തി വികസന ഫണ്ട്/പ്രത്യേക വികസന നിധി എന്നിവയിൽ നിന്നു വിനിയോഗിക്കുന്നതിനും അനുമതി നല്കി ഉത്തരവാകുന്നു.

3. കുട്ടികൾക്കായി ലാപ്ടോപ്പുകൾ സ്വന്തമായി വാങ്ങുന്നതിന് താൽപ്പര്യമുള്ള രക്ഷാകർത്താക്കൾക്കു വേണ്ടി കുടുംബശ്രീയും കെ.എസ്.എഫ്.ഇ-യും ഒരുമിച്ച് നടപ്പിലാക്കുന്ന പ്രത്യേക സ്കീമുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവ വഴി ലാപ്ടോപ്പുകൾ നൽകുന്നതിനായി ആവിഷ്കരിയ്ക്കുന്ന സ്കീമുകൾ എന്നിവയിലും സബ്സിഡി ആവശ്യമെങ്കിൽ ആയത് ആസ്തി വികസന ഫണ്ട്/പ്രത്യേക വികസന നിധി എന്നിവയിൽ നിന്നും വഹിയ്ക്കുന്നതിനും അനുമതി നൽകുന്നു.

4. ഈയിനത്തിലുള്ള ചെലവുകൾ അതാത് വകുപ്പുകളുടെ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും വഹിക്കാവുന്നതും പ്രത്യേക വികസന നിധിയിൽ നിന്നുള്ള പ്രവൃത്തികളുടെ തുക വിനിയോഗിക്കുന്നതിനു അതാതു കളക്ടർമാർ വഴി അലോട്ട്മെന്റ് നൽകുന്നതുമായിരിക്കും. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നതിനായി ആസ്തി വികസന ഫണ്ട്/പ്രത്യേക വികസന നിധി എന്നിവയിൽ നിന്നുള്ള തുക വിനിയോഗിയ്ക്കുന്നില്ലെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്. ആസ്തി വികസന ഫണ്ട്/പ്രത്യേക വികസന നിധി എന്നിവയുടെ മാർഗ്ഗരേഖകളിലെ മറ്റു മാനദണ്ഡങ്ങൾ ഇതിനും ബാധകമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.എസ്. ഉഷ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. എല്ലാ സെക്രട്ടറിമാർക്കും ഭരണ വകുപ്പുകൾക്കും
6. എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
9. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
10. എല്ലാ മന്ത്രിമാരുടേയും പ്രതിപക്ഷ നേതാവിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
11. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്,
12. എല്ലാ ട്രഷറി ഓഫീസർമാർക്കും
13. നോഡൽ ഓഫീസർ, www.finance.kerala.gov.in
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി (E File No. - 1511447)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ